November 2019 | Vol.8 | Issue-12

# EXCEL SNEHITHAN

# എക്സൽ സ്നേഹിതൻ

A PUBLICATION FROM EXCEL MINISTRIES

## സ്നേഹം പ്രകടിപ്പിക്കുക

അനിൽ ഇലന്തൂർ

## മക്കളുടെ വളർച്ചക്ക് പിന്നിൽ

പ്രത്യാശ് റ്റി. മാത്യു

## ജഡത്തെ ക്രൂശിച്ചിരിക്കുന്നു

സി.കെ വിജയൻ



NOVEMBER 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES

***Chief Editor***
Binu Vadaserikara

***Publisher***
Anil P M Elanthoor

***Managing Editors***
Benson Varghese
Denny John

***Art Director***
Johnson Edayaranmula

***Editor- In-charge***
Liza Vijayan

***Editors***
Sumesh Sukumaran
Gladson James
Joby K C
Blesson P John
Shaji Joseph
Shibu K John
Samson R M
Isaac Tharian
Shinu Thomas

***Marketing Managers***
Stanley Ranni
Kiran Kumar

***Advisory Board***
Mr. George Koshy
Mr. Saji Paul
Mr. Sunil Kurian
Mr. Aby Malamattom
Pr. Abrham Malayil
Mr. Joji B John
Pr. Giji Ckacko
Rev. D Joy

***Patrons***
Rev Thampy Mathew
Rev. P.S.Philip
Rev. P G Mathews
Varkey Abraham

***DTP and Typsetting***
Sreekala Pradeep

***Designing & Layout***
Vithosh Pixels

## ഉള്ളടക്കം

സ്നേഹം പ്രകടിപ്പിക്കുക ____ 03
മക്കളുടെ വളർച്ചക്ക് പിന്നിൽ ____ 04
ജഡത്തെ ക്രൂശിച്ചിരിക്കുന്നു ____ 05
ജിക്കുവും കിക്കിയും ____ 06
Counseling Diary ____ 07
കവിത ____ 09
വാർത്തകൾ ____ 10

**എഡിറ്റോറിയൽ**

# ജീവിതവിജയം

**ബിനു ജോസഫ് വടശ്ശേരിക്കര**

ജീവിതത്തിൽ വിജയിക്കുവാനും വലിയവരാകുവാനും വെമ്പൽ കൊള്ളുന്നവരാണ് എല്ലാവരും. ഇന്നലെകളിൽ വിജയം നേടിയെന്ന് നാം കരുതിയ പലരും ജീവിതത്തിൽ പരാജയങ്ങൾ ഏറ്റുവാങ്ങി ആത്മഹത്യയിൽ നിപതിക്കുന്ന കാഴ്ച ദുഃഖകരമാണ്. പണമോ പദവിയോ നേടുന്നത്  മാത്രമാണോ വിജയം. ജീവിതത്തിന്റെ വിജയപരാജയം കണക്കാക്കേണ്ടത് ഒരാളുടെ ജീവിതാന്ത്യത്തിലാണ്.

ബൈബിളിൽ ഹാനോക്ക് എന്ന വ്യക്തിയെപ്പറ്റി, അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്ന് എടുക്കപ്പെടുന്നതിനു മുമ്പേ സാക്ഷ്യം പ്രാപിച്ചതായി എബ്രായർ 11:5 ൽ കാണാം. ജീവിച്ചിരിക്കുമ്പോൾ തന്നെ നീതിമാൻ എന്ന സാക്ഷ്യം ദൈവത്തിൽ നിന്ന്  പ്രാപിച്ചാൽ നാം വിജയിച്ചു. മരണ വീടുകളിൽ പലരും പറയുന്ന പുകഴ്ത്തലുകളും പ്രശംസകളും അല്ല ഒരാളുടെ വിജയ പരാജയക്കണക്ക്. മറിച്ച് ദൈവം നൽകുന്ന സാക്ഷ്യമാണ് ആവശ്യം.


കോടികളുടെ ബിസിനസ് സാമ്രാജ്യങ്ങൾ പൊളിഞ്ഞു, ആളുകൾ തകർച്ചയിലേക്ക് പോകുമ്പോൾ നല്ല വ്യക്തിത്വങ്ങളായി ദൈവത്തിനു പ്രസാദകരമായി ജീവിച്ചാൽ നല്ല സാക്ഷ്യം പ്രാപിക്കാം.

ലഭിച്ച താലന്തുകൾ നന്നായി വ്യാപാരം ചെയ്യുക. നാം എന്തു ചെയ്താലും ദൈവരാജ്യത്തിനും സമൂഹത്തിനും പ്രയോജനകരമായത് ആണോ എന്ന് അവലോകനം ചെയ്യുക. നല്ലവനും വിശ്വസ്തനുമായ ദാസനെ എന്നുള്ള വിളിയാണ് നമ്മുടെ ലക്ഷ്യം.

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



ഡയറക്ടർ എഴുതുന്നു...



# സ്നേഹം പ്രകടിപ്പിക്കുക

അനിൽ ഇലന്തൂർ

നമ്മുടെ ഹൃദയത്തിലുള്ള സ്നേഹം നാം പ്രകടിപ്പിക്കാത്തിടത്തോളം കാലം നമുക്ക് സ്നേഹം ഉണ്ടെന്ന് ആരും മനസ്സിലാക്കുന്നില്ല. തങ്ങളുടെ സ്നേഹം കുട്ടികൾ മനസ്സിലാക്കുന്നില്ല. ഇന്ന് പല മാതാപിതാക്കളും അദ്ധ്യാപകരും അനുഭവിക്കുന്ന പ്രശ്നമാണിത്.

**സ്നേഹം എങ്ങനെ പ്രകടിപ്പിക്കാം**

1. സംസാരത്തിലൂടെ: സംസാരം കൊണ്ടാണ് നാം മറ്റുള്ളവരുമായി അടുക്കുന്നത്. എങ്ങനെയുള്ളതാണ് നമ്മുടെ സംസാരം? അത് മറ്റുള്ളവരെ നമ്മോട് അടുപ്പിക്കുന്നതാണോ അതോ അകറ്റുന്നതാണോ? ചില വീടുകളിൽ കുട്ടികളോട് സംസാരിക്കുന്ന പദങ്ങൾ കേട്ടാൽ നമുക്ക് വല്ലാത്ത അറപ്പ് തോന്നും, മൃഗങ്ങളുടെ പേരുകൾപ്പോലും പലപ്പോഴും ദേഷ്യം വരുമ്പോൾ കുട്ടികളെ വിളിക്കാൻ പലമാതാപിതാക്കൾ ഉപയോഗിക്കാറുണ്ട് എന്നത് വളരെ ദുഃഖകരമാണ്. ഹൃദയം നിറഞ്ഞു കവിയുന്നതിൽ നിന്നല്ലോ വായ് സംസാരിക്കുന്നത് (മത്തായി 12:34) നാം കുട്ടികളോട് സംസാരിക്കുമ്പോൾ സ്നേഹം തുളുമ്പി നില്ക്കുന്ന ചില പദങ്ങൾ ഉപയോഗിക്കാവുന്നതാണ്, ഉദാ. എന്റെ മുത്തേ, ചക്കരേ, ഞാൻ നിന്നേ സ്നേഹിക്കുന്നു എന്നക്കെ നമുക്ക് പറയാവുന്നതാണ്. ഇങ്ങനെ നാം കുട്ടികളോടു പറയുമ്പോൾ അവർക്കുണ്ടാകുന്ന സന്തോഷം എത്രമാത്രമായിരിക്കുമെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

**നമ്മുടെ വായിൽ നിന്നും നല്ല വാക്കല്ലാതെ ആകാത്തതൊന്നും വരാതിരിക്കാൻ നാം സൂക്ഷിക്കാം (എഫെ 4:29).**

2. സ്പർശനത്തിലൂടെ: മറ്റുള്ളവർ സ്നേഹിക്കപ്പെടേണമെന്നാഗ്രഹിക്കുന്നവരാണ് നാമെല്ലാം. അതിപോലെ തന്നെ മറ്റുള്ളവരെയും ആത്മാർത്ഥമായി സ്നേഹിക്കാൻ നാം ശ്രദ്ധിക്കാറുണ്ട്. ഓരോരുത്തരും ഓരോ നിലയിലാണ് സ്നേഹം പ്രകടിപ്പിക്കുന്നത്. സ്നേഹപ്രകടനത്തിന് നാം അവലംബിക്കുന്ന ചില രീതികൾ നോക്കാം.

സ്നേഹം പ്രകടിപ്പിക്കാൻ കഴിയുന്ന ഏറ്റവും നല്ല മാർഗ്ഗമാണ് സ്പർശനം. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും ചെറിയ കുട്ടികൾ കരയുമ്പോൾ അമ്മമാർ വന്ന് എടുത്തു കഴിഞ്ഞാൽ ഉടൻ അവർ കരച്ചിൽ നിർത്തുന്നത്. നാം കൊച്ചു കുഞ്ഞുങ്ങളെ ശ്രദ്ധിക്കാതെ അല്പനേരം മാറിയിരുന്നാൽ നമ്മുടെ ശ്രദ്ധപിടിച്ചുപറ്റാൻ അവർ കരയുകയോ മറ്റ് ഏതെങ്കിലും വികൃതികൾ കാണിക്കുകയോ ചെയ്യും, കാരണം അവർക്ക് എപ്പോഴും മാതാപിതാക്കളുടെ സ്നേഹവാത്സല്യങ്ങൾ സ്പർശനത്തിലൂടെ ലഭിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു.

യേശു തൊടേണ്ടതിന് കുട്ടികൾ വരുന്നതും അത് വിലക്കിയ ശിഷ്യൻമാരോടുള്ള യേശുവിന്റെ മറുപടിയും നാം കാണുന്നത് മർക്കോസ് 10:16 ൽ പിന്നെ അവൻ അവരെ അണച്ചു അവരുടെമേൽ കൈവെച്ചു അവരെ അനുഗ്രഹിച്ചു. "And he took them in his arms, and blessed them, laying his hands upon them". അണച്ചു എന്നത് ഇംഗ്ലീഷിൽ കൈയ്യിൽ എടുത്തു എന്നതാണ്. മത്തായി 19:13-15 ലും ലൂക്കോസ് 18:15-17 ലും ഇങ്ങനെ തന്നെ കാണുന്നു.

നമ്മുടെ കുഞ്ഞുങ്ങൾ നമ്മുടെ സ്പർശനം അനുഭവിക്കട്ടെ. ചെറിയ പ്രായത്തിൽ നമുക്ക് അവരെ നമ്മുടെ കൈകൾകൊണ്ട് എടുക്കാം ഉമ്മ വെയ്ക്കാം, ലാളിക്കാം, ഒരുമിച്ചു കളിക്കാം, ചെറുപ്പത്തിൽ ഇതൊന്നും ചെയ്യാതെ മുതിർന്ന കുട്ടികൾ ആയതിനുശേഷം ഇതൊക്കെ ചെയ്തേക്കാം എന്നു വിചാരിച്ചാൽ എവിടുന്നൊക്കെയാണ് അടി വരുന്നതെന്ന് പറയാൻ ഒരു നിർവ്വാഹവുമില്ല. അതുകൊണ്ട് കുഞ്ഞ് ജനിക്കുമ്പോൾ മുതൽ നമ്മുടെ സ്നേഹ വാത്സല്യങ്ങൾ സ്പർശനത്തിലൂടെ അവർക്ക് കൊടുക്കാം.

എന്നാൽ കുട്ടികൾ മുതിർന്ന് കഴിഞ്ഞാൽ ചെറുപ്പത്തിൽ നാം ലാളിച്ചതുപോലെ ലാളിക്കുവാൻ സാധിക്കത്തില്ല അതുകൊണ്ട് ചെറുപ്രായത്തിൽ കൊടുക്കേണ്ടുന്നത് ചെറുപ്പത്തിൽ തന്നേ നൽകുക. കുട്ടികൾ മുതിർന്നാൽ അവരുടെ കൈയ്യിൽ പിടിക്കുന്നതും തോളിൽ തട്ടുന്നതും ഒക്കെ നിങ്ങൾക്ക് അവരോടുള്ള സ്നേഹം തിരിച്ചറിയാൻ സഹായിക്കും. അത് വിവേകത്തോടെ മാത്രം ചെയ്യുക.

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



ലേഖനം



# മക്കളുടെ വളർച്ചക്ക് പിന്നിൽ

പ്രത്യാശ് റ്റി. മാത്യു

മക്കളുടെ വളർച്ചക്ക് പിന്നിൽ അവരുടെ മാതാപിതാക്കളുടെ പങ്ക് പ്രശംസനീയമാണ്. ലോക ബാഡ്മിന്റൻ കിരീടം നേടിയ ഇന്ത്യയിലെ 130 കോടി ജനങ്ങളുടെയും ഹൃദയം കീഴ്പ്പെടുത്തിയ പി. വി. സിന്ധുവിന്റ വിജയത്തിനു പിന്നിലും തന്റെ മാതാപിതാക്കളുടെ പങ്ക് വലുതാണ്. മക്കളുടെ വളർച്ചക്ക് മാതാപിതാക്കൾ ചെയ്യേണ്ടത്.

**1. മക്കളുടെ നല്ല ആഗ്രഹങ്ങൾക്ക് മാതാപിതാക്കൾ കൂട്ടു നിൽക്കുക.**

മക്കളുടെ നല്ല ഭാവിക്കുവേണ്ടി ആഗ്രഹിക്കുന്ന ഏതൊരു മാതാപിതാക്കളും മക്കളുടെ നല്ല ഇഷ്ടങ്ങൾക്ക് കൂട്ടുനിൽക്കുന്നവരായിരിക്കും. ഓരോ കുട്ടിക്കും വ്യത്യസ്തമായ കഴിവുകളും അഭിരുചികളും ആയിരിക്കും ഉള്ളത്. എന്നാൽ ഇന്ന് മക്കളിൽ തങ്ങളുടെ താൽപര്യങ്ങൾ അടിച്ചേൽപ്പിക്കുന്ന മാതാപിതാക്കളാണ് നമുക്ക് ചുറ്റുമുള്ളത്. കേരളത്തിലെ ഇപ്പോഴത്തെ എക്സൈസ് കമ്മീഷ്ണറും ഐ.പി.എസ് ഉദ്യോഗസ്ഥനുമായ ഋഷിരാജ് സിംഗ് സാറിന്റെ വാക്കുകൾ ഇങ്ങനെയാണ്; നമ്മുടെ കുട്ടികൾക്ക് അവരുടെ നല്ല ആഗ്രഹങ്ങൾ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം കൊടുക്കുക. തന്റെ സ്വന്ത മകന്റെ പ്ലസ് ടൂ പഠനത്തിനു ശേഷം തനിക്ക് ആനിമേഷൻ ഡിപ്ലോമ പഠിക്കുവാനുള്ള ആഗ്രഹത്തെ താനൊരിക്കലും എതിർത്തില്ല. മറിച്ച് മകന്റെ ആഗ്രഹത്തിന് പിതാവ് കൂട്ടുനിൽക്കുക മാത്രമേ ചെയ്തുള്ളു. ഏറ്റവും അവസാനമായി എപ്പോഴാണ് നാം നമ്മുടെ മക്കളുടെ നല്ല ആഗ്രഹത്തിന് കൂട്ട് നിന്നിട്ടുള്ളത് ? മക്കളുടെ നല്ല വിജയം ആഗ്രഹിക്കുന്നു എങ്കിൽ മാതാപിതാക്കളായ നാം അവരുടെ കൂടെ നിൽക്കുന്നവരാകണം എപ്പോഴും ഏതു സമയത്തും.

**2. മാതാപിതാക്കളുടെ പ്രോത്സാഹനവും അഭിനന്ദനങ്ങളും**

എന്റെ മാതാവിന്റെ പ്രോത്സാഹനവും അഭിനന്ദനങ്ങളും ആണ് എന്നെ ഞാനാക്കി മാറ്റിയത് എന്ന് ഇലക്ട്രിക് ബൾബ് കണ്ടുപിടിച്ച ലോക പ്രശസ്തനായ തോമസ് ആൽവാ എഡിസൺ പറഞ്ഞിട്ടുണ്ട്. ചെറുപ്പം മുതലേ ദുർബ്ബലമായ ശരീരസ്ഥിതിയും പഠനത്തിൽ മികവ് പുലർത്താതെയുമിരുന്ന തന്റെ വിജയത്തിനു പിന്നിൽ മാതാപിതാക്കളുടെ കഠിന പരിശ്രമം ഉണ്ടായിരുന്നു. പല മാതാപിതാക്കളും സ്വന്തം കുഞ്ഞുങ്ങളെ അഭിനന്ദിക്കുന്നതിനു പകരം മറ്റുള്ള കുട്ടികളുമായി താരതമ്യം ചെയ്യുകയാണ് പതിവ്. എനിക്ക് എന്റെ കൂട്ടുകാരന്റെ അച്ഛനെപ്പോലെ ഒരു അച്ഛൻ ഉണ്ടായിരുന്നെങ്കിൽ.. കഴിഞ്ഞ ദിവസം അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടി പറഞ്ഞ വാക്കുകളായിരുന്നു ഇത്. കൗൺസിലിംഗ് നടത്തിയപ്പോഴാണ് മനസ്സിലായത് തന്റെ പിതാവ് ഇന്നുവരെ തന്നെ അഭിനന്ദിക്കുകയോ ഒരു നല്ല വാക്ക് പറയുകയോ ചെയ്തിട്ടില്ല എന്നുള്ളത്. നമ്മുടെ മക്കളെ നാം എപ്പോഴെങ്കിലും അഭിനന്ദിച്ചിട്ടുണ്ടോ? മക്കളോട് നല്ല വാക്കു പറയുവാൻ നമുക്ക് സാധിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ഒരു മാറ്റത്തിന് നാം തയ്യാറാകണം.

**3. മക്കൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുക.**

പണമുണ്ടാക്കണം ഭാവി ഭദ്രമാക്കണം വ്യഗ്ര

8-ാം പേജിൽ തുടരും

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



ബൈബിൾ പഠനം



# ജഡത്തെ ക്രൂശിച്ചിരിക്കുന്നു

പാസ്റ്റർ സി.കെ വിജയൻ

യേശുക്രിസ്തുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ ക്രൂശിച്ചിരിക്കുന്നു (ഗലാത്യർ 5:24).

അപകടകാരിയായിരുന്ന അക്രമിയായിരുന്ന ഗിലിയോ ജിബ്രാൻ, സാന്റിയോ അലോഷ്യസ് എന്ന ക്രൈസ്തവ സന്യാസിയെ കണ്ടുമുട്ടിയതു മൂലം മാനസാന്തരപ്പെടുവാൻ ഇടയായി. ജിബ്രാന്റെ അരയിൽ മൂർച്ചയുള്ള ഒരു കത്തി തിരുകിയായിരുന്നു എപ്പോഴും അയാൾ നടന്നിരുന്നത്. ആ കത്തികൊണ്ട് അയാൾ അനേകരെ മുറിവേൽപ്പിക്കുകയും കുത്തി വീഴ്ത്തുകയും ചെയ്തിരുന്നു. ആ കത്തി അയാൾക്ക് ഉപേക്ഷിക്കുവാൻ മനസ്സില്ലായിരുന്നു.

എന്നാൽ സാന്റിയോയുടെ ഉപദേശപ്രകാരം ജിബ്രാൻ ആ കത്തിയിൽ ഒരു സുഷിരം ഉണ്ടാക്കി തന്റെ വീടിന്റെ ചുവരിൽ ഒരു വലിയ ആണികൊണ്ട് അടിച്ചുറപ്പിച്ചു. ആർക്കും ഇളക്കി എടുക്കാൻ പറ്റാത്തവിധം അത് ചുവരിൽ ഉറച്ചിരുന്നു.

പിന്നീട് കോപം വരുമ്പോൾ മറ്റുള്ളവർ പ്രകോപിപ്പിക്കുമ്പോൾ അയാൾ ആ കത്തി എടുക്കുവാൻ തുനിയുമായിരുന്നു. പക്ഷേ അത് ഇളക്കി എടുക്കുവാൻ കഴിയാത്തതിനാൽ അയാൾ സ്വയം നിയന്ത്രിക്കപ്പെടുമായിരുന്നു. പതിയെ പതിയെ ആ കത്തിയുടെ കാര്യം മറന്നതുപോലെയായി.

ജഡം എഴുന്നേല്ക്കാൻ സാധ്യതയുള്ള സകല ജീവിത സാഹചര്യങ്ങളിലും അതിനെ രാഗമോഹങ്ങളോടെ ക്രൂശിച്ചിരിക്കുന്നവൻ ശാന്തനും സൗമ്യനുമായിരിക്കും. കാരണം അവൻ ക്രിസ്തുവിനുള്ളവൻ ആണ്.

ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ നമുക്കും ക്രൂശിക്കാം.

PLEASE SEND YOUR DONATION TO

Excel Ministries
A/c No 67152344644
SBI , Elanthoor Branch
IFSC Code: SBIN0070762

Excel Hope
A/c No 67328994902
SBI , Elanthoor Branch
IFSC Code: SBIN0070762

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES







# ജിക്കുവും കിക്കിയും

സുമേഷ് സുകുമാരൻ

ഒരിക്കൽ ഒരിടത്ത് ജിക്കുവും കിക്കിയും എന്ന് പേരുള്ള രണ്ട് കുഞ്ഞു മുയലുകൾ ജീവിച്ചിരുന്നു. അവർ രണ്ടു പേരും സഹോദരങ്ങളായിരുന്നു. എന്നാൽ അമ്മ മുയൽ പറയുന്ന ഒരു കാര്യവും ജിക്കുവും കിക്കിയും അനുസരിക്കാറില്ല. അങ്ങനെ ഒരു ദിവസം ജിക്കുവും കിക്കിയും കൂടി കളിക്കാൻ പുറത്തേക്കിറങ്ങി. ഒത്തിരി ദൂരെ കല്ലിമല വനത്തിൽ പോകാനായിരുന്നു രണ്ടു പേരുടെയും പ്ലാൻ. ഇതറിഞ്ഞ അമ്മ മുയൽ ജിക്കുവിനോടും കിക്കിയോടും അങ്ങോട്ട് പോകരുതെന്ന് പല തവണ പറഞ്ഞു. എന്നാൽ അവർ ഇതൊന്നും കാര്യമാക്കിയില്ല. അങ്ങനെ അവർ കല്ലിമല വനത്തിലേക്ക് യാത്രയായി.

കളിയും ചിരിയും തമാശകളുമായി നല്ല രസമുള്ള യാത്ര. പെട്ടെന്നാണ് അവർ ദൂരെ ആ കാഴ്ച കണ്ടത്. നല്ല മനോഹരമായ ക്യാരറ്റ് തോട്ടം അതു കണ്ടതും ജിക്കുവും കിക്കിയും നേരെ അങ്ങോട്ടേക്ക് നടന്നു. പക്ഷേ തോട്ടത്തിന്റെ അടുത്ത് എത്തിയപ്പോഴാണ് തോട്ടം കാക്കുന്ന ചിക്കു കുറുക്കനെ കാണുന്നത്. എങ്ങനെയെങ്കിലും കുറച്ച് ക്യാരറ്റ് കഴിയ്ക്കണം അതായിരുന്നു ജിക്കുവിന്റെ ആഗ്രഹം. കിക്കി ജിക്കുവിനോടു പറഞ്ഞു വേണ്ടെടാ നമുക്ക് തിരിച്ചു പോകാം, ആകെ പേടിയാകുന്നു. ആ കുറുക്കൻ നമ്മളെ കണ്ടാൽ നമ്മുടെ കാര്യം തീരുമാനമാകും. അമ്മ നമ്മളോടു പറഞ്ഞതല്ലേ എങ്ങോട്ടും പോകണ്ടാ എന്ന്, അതുപോലും കേൾക്കാതെയാണ് നമ്മൾ വന്നത്. ഉടനെ ജിക്കു പറഞ്ഞു നീ തിരിച്ചു പോകുന്നെങ്കിൽ പൊയ്ക്കോ ഞാൻ ക്യാരറ്റും കഴിച്ച് കല്ലിമലയിൽ പോയിട്ടേ വരൂ എന്ന്. അങ്ങനെ രണ്ടു പേരും കൂടി കുറുക്കൻ കാണാതെ തോട്ടത്തിലേക്ക് ചാടി. പതുക്കെ പതുക്കെ ശബ്ദം ഉണ്ടാക്കാതെ ഓരോ ക്യാരറ്റുകൾ പറിച്ച് കഴിയ്ക്കാൻ തുടങ്ങി. അങ്ങനെ ഒത്തിരി കഴിച്ചപ്പോഴേക്കും രണ്ടു പേരും അവിടെത്തന്നെ കിടന്നുറങ്ങി. കുറുക്കൻ തോട്ടത്തിൽ നോക്കിയപ്പോഴേക്കും ജിക്കുവിനേയും കിക്കിയെയും കണ്ടു. അവർ ഓടാൻ ശ്രമിച്ചെങ്കിലും രണ്ടുപേരും കുറുക്കന്റെ പിടിയിലായി. അവസാനം എങ്ങനെയോ അവർ ഓടി രക്ഷപ്പെട്ടു.

പ്രിയ കൂട്ടുകാരേ ദൈവവചനം നമ്മെ പഠിപ്പിക്കുന്നത് അനുസരിക്കുന്നത് യാഗത്തേക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത് എന്നാണ് (1ശമുവേൽ 15:22). ജിക്കുവും കിക്കിയും അവരുടെ അമ്മ മുയൽ പറയുന്നത് അനുസരിച്ചിരുന്നെങ്കിൽ ഈ ആപത്ത് അവർക്ക് സംഭവിക്കില്ലായിരുന്നു. അതുകൊണ്ട് നമ്മുടെ മാതാപിതാക്കൾ നമ്മോട് പറയുന്ന കാര്യങ്ങൾ അനുസരിച്ച് നല്ല കുഞ്ഞുങ്ങളായി ജീവിക്കുക. ദൈവം നമ്മെ അനുഗ്രഹിക്കും ■

## ഉത്തരം പറയാമോ ?

ഉത്തരങ്ങൾ അയയ്ക്കേണ്ട നമ്പർ : **9496325026, 9526677871**

കുസൃതി ചോദ്യം : **സ്വർഗ്ഗത്തോളം എത്തുന്നതും തലയുള്ളതും ജീവനില്ലാത്തതുമായ ബൈബിളിൽ പറഞ്ഞിരിക്കുന്ന വസ്തു ?**

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES


# Counseling Diary

Shibu K John Kallada

*(A counselors personal experiences with identity of people kept confidential)*

*Prashant* is a teenager studying in 10th class. He was about to write his public examination very soon when he approached the counselor with the problem of Exam fear. He is hard working and very bright in studies. But fear holds him back in putting his best in exams. After the session he was convinced about the following:

1. Welcome fear. Be real with it. Fear is normal and natural for everyone. This is the first step to tackle fear.

2. Believe in yourself. Remember the golden words of Edmund Hillary who was the first man to conquer the tallest mountain peak: Hey Everest, you can't grow. But I will..! You studied the subject for one year, prepared well. Then why worry.

3. Understand the purpose of exams. No examiner would prepare questions to fail students. Exams are meant for PROMOTIONS.

4. Do not listen to gossips of friends about questions before and after exams.

5. God wants to help you. Have faith in Him. Not once, but 365 times the Bible says"Do not fear". That means each day you can hold onto this promise. F.E.A.R = False Evidence Appearing Real. Fear is just a feeling based on unreal things; but Jesus is REAL.

Thus Prashant could overcome fear. With much confidence he appeared the exam and scored good grade.

# ബൈബിൾ ക്വിസ്സ്

(1 കൊരിന്ത്യർ 3-ാം അദ്ധ്യായം)

**ഉത്തരങ്ങൾ റഫറൻസ് സഹിതം അയയ്ക്കുക**
**ഫോൺ : 9496325026, 9526677871**

1. ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ നശിപ്പിക്കുന്നത് ആര് ?
2. ദൈവത്തിന്റെ മന്ദിരം എങ്ങനെയുള്ള താണ് ?
3. നിങ്ങളുടെ ഇടയിൽ എന്ത് ഇരിക്കുന്ന തിനാലാണ് നിങ്ങൾ ജഡികന്മാരും ശേഷം മനുഷ്യരെപ്പോലെ നടക്കുന്നവരുമല്ലയോ എന്ന് പൗലോസ് പറഞ്ഞത് ?
4. പൗലോസ് പറയുന്ന അടിസ്ഥാനം എന്താണ് ?
5. അപ്പൊല്ലോസും പൗലോസും ആരാണ് ?
6. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ എങ്കിൽ നിങ്ങൾ ദൈവത്തിന്റെ ആരാണ് ?
7. ജ്ഞാനികളുടെ വിചാരം വ്യർത്ഥമെന്ന് ആര് അറിയുന്നു ?
8. ഒരോരുത്തന്റെ പ്രവർത്തി ഇന്നവിധ മെന്ന് എങ്ങനെ വെളിപ്പെട്ടു വരും ?
9. ജ്ഞാനിയാകേണ്ടതിന് ഭോഷനായി തീരട്ടെ എന്ന് പറഞ്ഞത് എന്തിന് ?
10. താനോ രക്ഷിക്കപ്പെടും, എന്നാൽ എന്തി ലൂടെയാണ് രക്ഷിക്കപ്പെടുന്നത് ?

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



## ചിത്രത്തിന് നിറം കൊടുക്കുക



### മക്കളുടെ വളർച്ചക്ക് പിന്നിൽ

*4-ാം പേജിൽ നിന്നും*

തയിൽ നാം തിടുക്കത്തോടെ ഓടുമ്പോൾ നമ്മുടെ മക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്താറുണ്ടോ? എന്റെ മകനും മകളും ദൈവവചനത്തിൽ വളർന്ന് വരേണം എന്ന് പ്രാർത്ഥിക്കുന്ന മാതാപിതാക്കളുടെ എണ്ണം വളരെ കുറഞ്ഞിരിക്കുന്നു. ബൈബിളിൽ കാണുന്നു ഇയ്യോബ് തന്റെ മക്കൾ ദൈവത്തെ ഹൃദയം കൊണ്ട് ത്യജിച്ചു പോയിരിക്കും എന്ന് പറഞ്ഞ് നന്നേ രാവിലെ എഴുന്നേറ്റ് അവരെ ശുദ്ധീകരിക്കുകയും അവർക്കുവേണ്ടി എല്ലായ്പ്പോഴും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു (ഇയ്യോബ്.1:5). മക്കളുടെ നല്ല ഭാവിക്കുവേണ്ടിയും വിജയത്തിനുവേണ്ടിയും പ്രാർത്ഥിക്കുന്ന മാതാപിതാക്കളായിരിക്കണം നാം. ഒന്നോർക്കുക ഇന്ന് നമ്മുടെ മക്കളെ ഓർത്ത് പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തുന്നില്ലെങ്കിൽ ഒരു പക്ഷേ നാളെ അവരെ ഓർത്ത് ദുഃഖിക്കേണ്ടി വന്നേക്കാം. മക്കളുടെ നല്ല ആഗ്രഹങ്ങളിൽ പ്രോത്സാഹനമായി പ്രാർത്ഥനയോടെ നമുക്ക് ആയിരിക്കാം. ■

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



കവിത

# നല്ല ഉടയവൻ

ശ്രീകലാ പ്രദീപ്

സുന്ദരമായ മൺപാത്രങ്ങളെ കണ്ടു
കണ്ണിമയ്ക്കാതെ നോക്കവെ
പെട്ടെന്നു കണ്ടു ഞാനാ കാഴ്ചയെ
വേദനയാദ്യം നിറഞ്ഞു
രൂപമില്ലതിന് കാണാൻ ചേലുമില്ല
എങ്കിലും മാറ്റിവെച്ചെന്തിനോ വേണ്ടിയുടയവൻ

തെല്ലൊരാശയോടെ ഞാനിങ്ങനാരാഞ്ഞു
എന്തിനു കൊള്ളാമീ പൊട്ടിപ്പൊളിഞ്ഞത്
ഭംഗി ലേശവുമില്ലതിന് ഗുണവുമുണ്ടാകില്ലല്ലോ
മിണ്ടാതെ തന്നുടെ ഉടയവൻ
ശിരസുയർത്തി മെല്ലെ ചിരിച്ചു

തന്റെ മൗനത്തിലതിനൊരു മറുപടിയുണ്ട്
ചേലില്ലാതുള്ളത് ചേലോടെ മെനയുവാൻ
ഗുണമില്ലാതുള്ളത് ഗുണമുള്ളതാക്കുവാൻ
കഴിവുണ്ടെനിക്കതെൻ കരവിരുതാ

ഇതുപോലൊരുടയവൻ ഉണ്ട് നമുക്ക്
പണിയുമാ പാണിയാൽ ഭംഗിയായി
ഏൽപ്പിക്ക പൂർണ്ണമായ് തന്നിലേക്ക്
ഏറ്റു കൊള്ളുമവൻ നമ്മെ തന്നിലേക്ക്



November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



# എക്സൽ വാർത്തകൾ














## എക്സൽ ഹോപ്പ് വയനാട്ടിൽ

**മാനന്തവാടി:** എക്സൽ ഹോപ്പും സി.എൻ.ഐയും ചേർന്നൊരുക്കിയ പ്രളയ ദുരിദാശ്വാസ സഹായ വിതരണം മാനന്തവാടിയിൽ നടന്നു. അൻപതോളം പേർക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. എക്സൽ ടീം അംഗങ്ങളായ ബ്രദർ ബ്ലസൻ പി. ജോൺ, ബ്രദർ ജെയിംസ് എന്നിവർ പങ്കെടുത്തു. എക്സൽ മിനിസ്ട്രീസ് വയനാട് കോർഡിനേറ്റർ ആയിരിക്കുന്ന പാസ്റ്റർ ജെയ്സൺ മാനന്തവാടി നേതൃത്വം നല്കി.

## എക്സൽ ഹോപ്പ് പാലക്കാട്

**പാലക്കാട്:** എക്സൽ മിനിസ്ട്രീസിന്റെ പാലക്കാട് ജില്ലയിൽ ആരംഭിച്ച എക്സൽ ഹോപ്പ് പ്രൊജക്ടിന്റെ ഉദ്ഘാടനം 2019 സെപ്റ്റംബർ 22 ഞായറാഴ്ച കൊല്ലംകോട് ബഥേൽ ഗോസ്പൽ അസംബ്ലി ചർച്ചിൽ വച്ച് നടന്നു. പാസ്റ്റർ ജോണി അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ പാസ്റ്റർ ഷിബു കെ. ജോൺ എക്സൽ മിനിസ്ട്രീസ് ദൈവവചനം സംസാരിച്ചു. വാർഡ് മെമ്പർ ശ്രീ.പി വിശ്വാനന്ദൻ എക്സൽ ഹോപ്പിന്റെ സഹായ പദ്ധതി ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീമതി സത്യഭാമ, പാസ്റ്റർ സത്യൻ എ.എസ്., പാസ്റ്റർ ബിനു മാത്യു, ബ്രദർ ബ്ലസൻ ബാബു, ബ്രദർ സന്തോഷ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. പാലക്കാട് ജില്ലയിലെ എക്സൽ ക്ലബ്ബുകളിൽ നിന്നായി 13 കുട്ടികൾക്ക് എക്സൽ ഹോപ്പിന്റെ ഭാഗമായി പഠന സഹായങ്ങൾ നൽകി.

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



# എക്സൽ വാർത്തകൾ



## എക്സൽ വി ബി എസ്സ് നേപ്പാൾ – അനുഗ്രഹീത സമാപനം

**നേപ്പാൾ:** എക്സൽ വിബിഎസ്സിന്റെ നേതൃത്വത്തിൽ നേപ്പാൾ ചിത്വാൻ ജില്ലയിലുള്ള ഡാഡി ഹെബ്രോൻ ചർച്ചിൽ എക്സൽ വി ബി എസ്സും ക്യാമ്പും നടന്നു. എക്സൽ ടീം അംഗങ്ങളായ പാസ്റ്റർ ഷിബു.കെ.ജോൺ, പാസ്റ്റർ സാംസൺ ആർ.എം, എന്നിവർ നേതൃത്വം നല്കി. നേപ്പാൾ ഭാഷയിലുള്ള പാഠങ്ങളും പാട്ടുകളും വിബിഎസ്സിൽ പാസ്റ്റർ സാജൻ മാത്യൂ (ഡാഡി ഹെബ്രോൻ ചർച്ച്) പ്രകാശനം ചെയ്തു.






## എക്സൽ കിഡ്സ് ആന്റ് യൂത്ത് ക്യാമ്പ് ആന്ധ്രാപ്രദേശിൽ നടന്നു.

**കടപ്പ:** എക്സൽ കിഡ്സ് ആൻറ് യൂത്ത് ക്യാമ്പ് ആന്ധ്രാ പ്രദേശിലെ കടപ്പയിൽ നടന്നു. 100 ഓളം കുഞ്ഞുങ്ങൾ പങ്കെടുത്തു. എക്സൽ മിനിസ്ട്രീസ് തെലുങ്കാന – ആന്ധ്രാ കോർഡിനേറ്റർ ഉപേന്ദർ റാവും ടീമും ക്ലാസ്സുകൾക്ക് നേതൃത്വം നല്കി

November 2019 | Vol.8 | Issue-12
EXCEL SNEHITHAN
എക്സൽ സ്നേഹിതൻ
A PUBLICATION FROM EXCEL MINISTRIES



# എക്സൽ വാർത്തകൾ



## സംഗീത സായാഹ്നം 2019

**വയല :** എക്സൽ മിനിസ്ട്രീസും വയല ശാരോൺ ഫെലോഷിപ്പ് ചർച്ചും ചേർന്നൊരുക്കിയ സംഗീത സായാഹ്നം 2019 സെപ്റ്റംബർ മാസം 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 - 9 വരെ നടന്നു. പാസ്റ്റർ സാംകുട്ടി ദാനിയേൽ ഉദ്ഘാടനം നിർവ്വഹിച്ച മീറ്റിംഗിൽ എക്സൽ മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ ബിനു വടശ്ശേരിക്കര ദൈവവചനം ശുശ്രൂഷിച്ചു. ബാലഗായകരെ ഉൾപ്പെടുത്തി എക്സൽ മ്യൂസിക് ബാന്റ് ഗാനശുശ്രൂഷക്ക് നേതൃത്വം കൊടുത്തു

## എക്സൽ വിബിഎസ്സ് തീം റിലീസിംഗ് നടന്നു





**പന്തളം:** എക്സൽ വിബിഎസ്സ് തീം റിലീസിംഗ് നവംബർ 3-ന് പന്തളം ഐ.പി.സി.ശാലേം ചർച്ച് കുളനടയിൽ വച്ച് നടന്നു. കുഞ്ഞുങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്നതും ദൈവസ്നേഹത്തോടടുപ്പിക്കുന്നതും ദൈവ വചനാധിഷ്ഠിതവുമായ തീം ആണ് എക്സൽ വി ബി എസ്സ് ഇത്തവണയും തെരഞ്ഞെടുത്തിരിക്കുന്നത്

വി.ബി.എസ്സ് ബുക്കിംഗിനായും കൂടുതൽ വിവരങ്ങൾക്കും ഉടൻ ബന്ധപ്പെടുക
9495834994, 9496235026

## കുട്ടീസ് വേൾഡ്

കുഞ്ഞുങ്ങൾക്കായ് എക്സൽ മീഡിയ
എല്ലാ വെള്ളിയാഴ്ചകളിലും രാത്രി 9.30 ന്
എക്സൽ വിബിഎസ്സ് യൂ ട്യൂബ് ചാനലിൽ
വ്യത്യസ്ത ഗാനങ്ങൾ, ആക്ഷൻ സോംഗ്സ്, കഥകൾ,
പപ്പറ്റ്, മാജിക് ,തുടങ്ങിയ പ്രോഗ്രാമുകൾ.....

**കാണാൻ മറക്കരുത്.**

**Excel Ministries**

Great Event
Among
Children

# VISION 2020

## CHILD & YOUTH EVANGELISM

# CON FER EN CE 2020

**03** 2019 December
9.30 am to 4 pm

@Shanthinilayam, TIRUVALLA



Guest
**CHARLIE ABRO**

*No Spot Registration*

**REGISTER NOW**
**9526677871**

FREE ENTRY

In Association with

David C Cook
Life on Life
SPIRITUAL FORMATION | CHARACTER DEVELOPMENT | LIFE SKILLS
SUNDAY SCHOOL CURRICULUM
TRAINING FOR
SUNDAY SCHOOL TEACHERS

Lunch will be Provided

*For More info*
**Excel Ministries**
**Pathanamthitta PO**
**9495834994, 9496325026**
**www.excelministries.org**

/excelministries
/excelministries
/9495834994





Edited, Printed and Online Published by Binu Vadasserikkara and owned by Anil P.M
on behalf of Excel Ministries P.B. No-82, Pathanamthitta P.O., Kerala- 689 645